**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1980** **16-03-2022 - ൽ മറുപടിയ്ക്ക്**

**സീനിയോരിറ്റി പുനസ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. യിലെ ജീവനക്കാരനായിരിക്കെ 2004-ൽ ബൈ ട്രാൻസ്ഫർ നിയമനം വഴി പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.സി. ആയതിന് ശേഷം കെ.എസ്. &എസ്.എസ്.ആർ. റൂൾ 8 പ്രകാരവും ഒന്നിൽ കൂടുതൽ കോടതി ഉത്തരവുകളുമായും തിരികെ പി.എസ്.സി.യിൽ ജോയിൻ ചെയ്ത് പതിനേഴ് കൊല്ലമായിട്ടും ജോൺസൺ ജി. എന്ന വ്യക്തിക്ക് സീനിയോറിറ്റി പുനസ്ഥാപിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്ത് വരുന്ന ശ്രീ.ജോൺസൺ ജി-യ്ക്ക് 19/03/2013ൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ പി.എസ്.സിയിൽ പുനർനിയമനം നൽകിയിരുന്ന സാഹചര്യത്തിൽ 14/06/2013ലെ സ.ഉ.(അച്ചടി)നം.19/2013/പി. ആന്റ് എ.ആർ.ഡി ഉത്തരവ് പ്രകാരം കെ.എസ് &എസ്.എസ്.ആർ ഭാഗം 2 ചട്ടം 8 ൽ വരുത്തിയ ഭേദഗതി ശ്രീ.ജോൺസന്റെ പുനർനിയമനത്തിൽ ബാധകമാകാത്തതിനാൽ പി.എസ്.സിയിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ.ജിയ്ക്ക് പ്രസ്തുത ഭേദഗതിക്ക് മുമ്പുള്ള കെ.എസ് & എസ്.എസ്.ആർ ചട്ടം 8 ലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന വിവരം 02/06/2021 ലെ സ്പെഷ്യൽ E1/117/2020/പൊ.ഭ.വ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. മേൽ ഖണ്ഡികയുടെ അടിസ്ഥാനത്തിൽ മാതൃ വകുപ്പിൽ ടിയാൻ പുന:പ്രവേശിച്ച അറ്റൻഡർ ഗ്രേഡ് I തസ്തികയിലും ടി തസ്തികയിൽ നിന്ന് സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലും ടിയാന്റെ സീനിയോറിറ്റി തിരികെ നൽകുന്നതിന് 28/12/2021 ന് കെ.പി.എസ്.സി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിക്ക് സീനിയോറിറ്റി നൽകിയിട്ടുണ്ടെങ്കിൽ എന്ന് മുതൽ എന്ന് വരെയെന്ന് വ്യക്തമാക്കുമോ; ബാലൻസ് സീനിയോറിറ്റി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇങ്ങനെ നൽകാത്തത് ഏത് ചട്ടപ്രകാരമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; കെ.എസ്. &എസ്.എസ്.ആർ. | (ബി) | മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ടിയാൻ ജോലിയിൽ പ്രവേശിച്ച പ്യൂൺ തസ്തികയുടെ പ്രൊമോഷൻ തസ്തികകളായ അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ടിയാന് ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകുന്നതിനും, ബൈട്രാൻസ്ഫർ നിയമന പ്രക്രിയയുടെ ഭാഗമായി താഴ്ന്ന വിഭാഗം |

| | | | |
|---|---|---|---|
| | ജനറൽ റൂൾ 8 ൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ സീനിയോറിറ്റി പുനസ്ഥാപിക്കുമ്പോൾ നൽകരുതെന്ന് നിബന്ധനയുണ്ടോ; ഇല്ലെങ്കിൽ ചട്ടപ്രകാരമല്ലാതെ തീരുമാനമെടുത്ത ഉദ്യോഗസ്ഥരാരെന്നും അവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ; | | ജീവനക്കാരിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും അതിൻ പ്രകാരം തയ്യാറാക്കപ്പെടുന്ന അർഹതാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെയാണ് അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുന്നത് എന്നതിനാൽ, അസിസ്റ്റന്റ് തസ്തികയിൽ ടിയാന്റെ സീനിയോറിറ്റി പുന:പരിശോധിക്കേണ്ടതില്ലെന്നും 28/12/2021 ൽ, ഉത്തരവായിട്ടുണ്ട്. ബൈ ട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കണമെങ്കിൽ, ടിയാൻ അതിനുള്ള നിയമന പ്രക്രിയയിൽ പങ്കെടുത്ത്, അപേക്ഷ നൽകി, അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് ഒഴിവുകൾ വിജ്ഞാപനം ചെയ്യലും അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കലും അനിവാര്യമായ നടപടിക്രമമാണ്. ഈ നടപടിക്രമം മറികടന്ന് തസ്തികമാറ്റം വഴി ഒരാൾക്ക് ഒരു സർവ്വീസിൽ നിന്നും മറ്റൊരു സർവ്വീസിലേക്ക് നിയമനം നൽകാൻ കഴിയില്ലായെന്ന വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. |
| (സി) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും കേരള ഹൈക്കോടതിയും പ്രസ്തുത വ്യക്തിക്ക് സീനിയോറിറ്റിക്ക് അർഹത ഉണ്ടെന്ന് ഉത്തരവായിട്ടും 2004 മുതലുള്ള എല്ലാ സീനിയോറിറ്റിയും പുനസ്ഥാപിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം അനുവദിക്കുന്ന അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ 2004 മുതലുള്ള സീനിയോറിറ്റി അനുവദിക്കുന്നതിന് 28/12/2021ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. മുൻകാല പ്രാബല്യം നൽകേണ്ട തീയതി സംബന്ധിച്ച് പരിശോധിച്ചുവരുന്നു. എന്നാൽ ബൈ ട്രാൻസ്ഫർ നിയമന പ്രക്രിയയുടെ ഭാഗമായി അപേക്ഷ നൽകുകയോ അതിൻപ്രകാരം തയ്യാറാക്കുന്ന യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുകയോ ചെയ്യാത്തതിനാൽ ടിയാൻ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലി നോക്കിയിരുന്ന കാലയളവ് (25/06/2004 മുതൽ 02/04/2013 വരെ) ബൈ ട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ വ്യവസ്ഥയില്ല. അതായത് അപേക്ഷയുടെ അഭാവത്തിൽ ഒരാളെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് പരിഗണിക്കാൻ നിർവാഹമില്ല. ആയതിനാൽ ശ്രീ.ജോൺസൺ.ജി പി.എസ്.സി.യിൽ 03.04.2013-ൽ പുന:പ്രവേശിച്ചതിന് ശേഷം ബൈട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് ഒഴിവ് വന്ന അവസരത്തിൽ വിജ്ഞാപന പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയും |

| | | | |
|---|---|---|---|
| | | | പ്യൂൺ തസ്തികയിലെ ടിയാന്റെ സീനിയോറിറ്റി കണക്കാക്കി പി.എസ്.സി.യിൽ ടിയാൻ പുന:പ്രവേശിച്ച ശേഷം നിലവിൽ വന്ന ആദ്യ ഒഴിവിൽ 19.10.2016-ന് അസിസ്റ്റന്റ് ആയി നിയമനം നൽകിയതായി പി.എസ്.സി അറിയിച്ചിട്ടുണ്ട്. |
| (ഡി) | പി.എസ്.സി.-യിലെ എസ്റ്റാ. III (3) 34872/06/ ഗ.വി. നമ്പർ ഫയലിൽ നോട്ട് ഫയൽ ഖണ്ഡിക 209 മുതൽ 213 വരെയും ഇപ്പോഴത്തെ പി.എസ്.സി. സെക്രട്ടറി 219 മുതൽ 220 വരെ ഖണ്ഡികകളിലും പ്രസ്തുത വ്യക്തിക്ക് സീനിയോറിറ്റി പുനസ്ഥാപിച്ച് നൽകണമെന്ന് വ്യക്തമാക്കിയിരിക്കെ ആയത് നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ; | (ഡി) | പി.എസ്.സി.യിലെ എസ്റ്റാ III (3) 34872/06/ ഗ.വി.നമ്പർ ഫയലിലെ നോട്ട് ഫയൽ ഖണ്ഡിക 209 മുതൽ 220 വരെയുള്ളവയിൽ ശ്രീ.ജോൺസൺ.ജി യ്ക്ക് മാതൃവകുപ്പിൽ പുനർനിയമനം ലഭിച്ച ശേഷം, ടി വകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി സംബന്ധിച്ച് അസിസ്റ്റന്റ് മുതൽ സെക്രട്ടറി വരെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ കുറിപ്പുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് ടി വിഷയം വിശദമായി പരിശോധിക്കുന്നതിന് കമ്മീഷൻ അംഗത്തെ ചുമതലപ്പെടുത്തി, ബഹു.കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഖണ്ഡിക 221-ൽ ഉത്തരവായിരുന്നു. കമ്മീഷൻ അംഗത്തിന്റെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രമോഷനും ബൈട്രാൻസ്ഫർ നിയമനത്തിനും വ്യത്യസ്ത മാനദണ്ഡങ്ങളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നതിനാലും പ്രമോഷൻ ഒരേ സർവ്വീസിലെ തന്നെ ഉയർന്ന തസ്തികയിലേയ്ക്കും, തസ്തികമാറ്റം ഒരേ സർവ്വീസിൽ നിന്നും മറ്റൊരു സർവ്വീസിലെ തസ്തികയിലേയ്ക്കുള്ള നിയമനം ആയതിനാലും ശ്രീ.ജോൺസൺ.ജി യെ ബൈട്രാൻസ്ഫർ നിയമന പ്രക്രിയയിൽ കൂടിയല്ലാതെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നൽകാൻ നിർവ്വാഹമില്ലെന്ന് 22.09.2015-ന് പി.എസ്.സി ഉത്തരവാകുകയും ടി വിവരം ടിയാനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സർക്കാരിലേക്ക് കൂടുതൽ വ്യക്തത ആവശ്യപ്പെട്ട് കത്തയച്ചതിന്റെ അടിസ്ഥാനത്തിലും പ്രസ്തുത വ്യക്തി മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലും 2004 മുതൽ പ്രസ്തുത വ്യക്തിക്ക് എല്ലാ സീനിയോറിറ്റിക്കും അർഹതയുണ്ടെന്ന് സർക്കാർ ആവർത്തിച്ചറിയിച്ചിട്ടും ആയത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ഇ) | സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകുവാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് പി.എസ്.സി നടപ്പാക്കാത്ത സാഹചര്യത്തിൽ അപേക്ഷകൻ വീണ്ടും ബഹു.മുഖ്യമന്ത്രി മുമ്പാകെ നിവേദനം സമർപ്പിക്കുകയും ടി നിവേദനത്തിൻ മേൽ സർക്കാർ വീണ്ടും സ്പഷ്ടീകരണം നൽകുകയും ടി സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ KS & SSR Part II Rule 8 പ്രകാരം 2004 മുതലുള്ള സീനിയോറിറ്റി അനുവദിക്കുന്നതിന് 28.12.2021-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത വ്യക്തിക്ക് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച് പി.എസ്.സി. മെമ്പർമാരുടെ ഒരു സബ് കമ്മിറ്റി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും സർവ്വീസ് സീനിയോറിറ്റിയും മറ്റാനുകൂല്യങ്ങളും അടിയന്തരമായി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ? | (എഫ്) | ശ്രീ.ജോൺസൺ.ജിയ്ക്ക് അനുവദനീയമായ സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ